(ബി-ഡി) ഇതു സംബന്ധിച്ച സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ പുതിയ വൈദ്യുതി നയത്തിന്റെ ഭാഗമായുള്ള ബോർഡിന്റെ പുനഃസംഘടനക്കുശേഷം മാത്രമേ പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച തീരുമാനം ബോർഡ് കൈക്കൊള്ളുകയുള്ളു.

സഹകരണമേഖലയിലെ പ്രാഥമിക സഹകരണ ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം

134 (1801) ശ്രീ. പി. രാഘവൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിലെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് ഇതര സഹകരണ സ്ഥാപനങ്ങൾ നടത്തി വരുന്ന എല്ലാവിധ ഇടപാടുകളും നടത്താനാവില്ല എന്നതു ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) എങ്കിൽ ഇതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി&ഡി) ദീർഘകാല വായ്പകൾ നൽകുന്ന ബാങ്കുകൾ സാധാരണ നിലയിലുള്ള ബാങ്കിംഗ് ബിസിനസ് നടത്തുവാൻ അനുവാദമില്ല. ആയതിനാൽ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്ക് മറ്റ് സഹകരണസ്ഥാപനങ്ങൾക്ക് നടത്താവുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനാവില്ല.

ഭരണസമിതി പിരിച്ചുവിട്ട സഹകരണ സ്ഥാപനങ്ങൾ

135 (1802) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly